**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.4221** **20-03-2018 ൽ മറുപടിയ്ക്ക്**

**ഹജ്ജ് തീർത്ഥാടകർക്കുള്ള സഹായം**

| | ചോദ്യം<br>**ശ്രീ.കെ.വി.വിജയദാസ്** | | മറുപടി<br>**ഡോ.കെ.ടി.ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| എ) | ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായങ്ങളാണ് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചു വന്നിരുന്നതെന്ന് വ്യക്തമാക്കുമോ; | എ) | ഓരോ വർഷവും ഹജ്ജ് അപേക്ഷ സ്വീകരിക്കുന്നത് മുതൽ തീർത്ഥാടകർ ഹജ്ജ് ചെയ്ത് തിരിച്ചുവരുന്നതു വരെയുള്ള കാര്യങ്ങളിൽ സാങ്കേതിക സഹായം നൽകി വരുന്നത് കേന്ദ്ര ഗവൺമെന്റും, കേന്ദ്ര ഹജ്ജ് കമ്മിറ്റിയും, കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമാണ്. സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയ്തുവരുന്നു. ഹജ്ജ് അപേക്ഷാ പ്രോസസിംഗ്, ഹജ്ജ് ക്യാമ്പ്, പരിശീലന ക്യാമ്പുകൾ എന്നിവയ്ക്ക് നിശ്ചിത സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. സൗദി അറേബ്യയിൽ തീർത്ഥാടകരെ സഹായിക്കുന്നതിന് നിയമിതരാകുന്ന ഹജ്ജ് വോളണ്ടിയർമാരുടെ സാമ്പത്തിക ചെലവിന്റെ 50% വിഹിതവും കേന്ദ്ര ഹജ്ജ് കമ്മിറ്റിയാണ് വഹിക്കുന്നത്. |
| ബി) | പ്രസ്തുത സഹായങ്ങൾ ഇപ്പോൾ തുടരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | ബി) | ഉണ്ട്. |
| സി) | സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് കേരളത്തിൽ നിന്നുള്ള തീർത്ഥാടകർക്കായി നൽകി വരുന്നത്; ഇക്കാര്യത്തിൽ | സി) | ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെ എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്ത് നിന്നും ലഭ്യമാക്കുന്നുണ്ട്. ഹജ്ജ് അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിന് |

| | |
|---|---|
| കേന്ദ്ര സർക്കാരിന്റെ ഇടപെടലുകൾ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | സർക്കാറിന്റെ കീഴിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഹജ്ജ് യാത്ര പുറപ്പെടുന്നതിന് മുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാനങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യമായും കുറഞ്ഞ നിരക്കിലും ലഭ്യമാക്കാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലും നിന്നും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളി വാക്സിനേഷനും, പ്രതിരോധ കുത്തിവെപ്പും ആരോഗ്യപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ധ ഡോക്ടർമാരുടെയും നിർദ്ദേശങ്ങൾ ഹജ്ജ് തീർത്ഥാടകർക്ക് ലഭ്യമാക്കുന്നുണ്ട്. ഹജ്ജ് തീർത്ഥാടകർ യാത്ര പുറപ്പെടുന്ന വേളയിൽ ഹജ്ജ് ക്യാമ്പിലെ മുഴുവൻ സേവനങ്ങളും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഒരുക്കി നൽകുന്നത് സംസ്ഥാന സർക്കാറിന്റെ പൂർണ്ണ സഹായത്തോടെയാണ്. ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും, ക്യാമ്പിലെ ഹജ്ജ് സെല്ലിലേക്ക് ആവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്യുന്നു. കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ സഹായിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ മുസ്ലിം സമുദായത്തിലെ ജീവനക്കാരിൽ നിന്ന് ഹജ്ജ് വോളണ്ടിയർമാരായി അയക്കാറുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ് ഇൻ എയ്ഡും അനുവദിച്ചു വരുന്നു. |

Anithan

സെക്ഷൻ ഓഫീസർ